milma

Kerala Co-operative Milk Marketing Federation Limited
**Cattle Feed Plant, Malampuzha P.O., Palakkad-678 651**

Tel: 0491-2816301, 2816317, Fax: 2815176, E-mail: cfm@milma.com,

**CFP-M/PRODN/592-A/2025/** 1642 17.01.2025

## ക്വട്ടേഷൻ നോട്ടീസ്

മലമ്പുഴ മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ ഹൗസിലുള്ള ബോയിലറുകളിൽ കരാർ അടിസ്ഥാനത്തിൽ ചിരട്ട,വിറക്,ബ്രിക്കറ്റ്സ് കോരിയിട്ട കത്തിക്കുന്ന ജോലി 01.02.2025 മുതൽ ഒരു വർഷത്തേക്ക് ഏറ്റെടുക്കുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| അപേക്ഷ ഫീസ് | 118/-(Including GST) |
| നിരതദ്രവ്യം | 1500/- |
| സെക്യൂരിറ്റിഡെപ്പോസിറ്റ് | 2500/- |
| മുദ്രപത്രം (കരാറിന്) | 500/- |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി, സമയം | 28.01.2025, 03.00 pm |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | 28.01.2025, 03.30pm |

1. അപേക്ഷഫോറം 17.01.2025 മുതൽ ആയതിൻ്റെ വിലയായ Rs.118/-(including GST) (നൂറ്റിപ്പതിനെട്ടു രൂപാ മാത്രം) കമ്പനി ക്യാഷ് കൗണ്ടറിൽ അടച്ചു പേർസണൽ സെക്ഷനിൽ നിന്നും കൈപറ്റാവുന്നതാണ്.
2. കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ പ്ലാൻ്റിൽ കൊണ്ടുവന്നിറക്കുന്ന ബ്രിക്കറ്റ്സ്,ചിരട്ട,വിറക്, ഇവ ബോയിലറിൽ, ഫാക്ടറിയുടെ ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യത്തിനനുസരിച്ച് കോരി ഇടേണ്ടതാണ്.
3. ബോയിലർ പ്ലാന്റിനടുത്തായും ബോയിലർ ചിമ്മിനി, സെക്യൂരിറ്റി ഗേറ്റിനു പുറകുവശം എന്നിവിടങ്ങളിലുമായി സംഭരിച്ചു വെച്ചിട്ടുള്ള ചിരട്ട,വിറക്, ബ്രിക്കറ്റ്സ്, ഇവ ബോയിലറിനടുത്തേക്കു കൊണ്ട് പോയി ചൂളയിൽ കോരി ഇടുന്ന ജോലിയാണ് കരാറുകാരൻ നിർവഹിക്കേണ്ടതായിട്ടുള്ളത്.ഈ ജോലി നിർവഹിക്കുന്നതിനു നിയോഗിക്കുന്ന ജോലിക്കാർക്കുള്ള ഒരു മാസത്തെ ആകെ വേതനമാണ്. കരാർ തുകയായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ബിഡ് ഫോർമാറ്റിൽ (Annexure-1) രേഖപ്പെടുത്തി സമർപ്പിക്കേണ്ടത്.ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനായിരിക്കും സ്വീകരിക്കുക.
4. ഈ കരാറിന്റെ കാലാവധി കരാർ നൽകുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.

5. കരാറുകാരൻ കരാർ ലഭിക്കുന്ന പക്ഷം സെക്യൂരിറ്റി സംഖ്യയായ 2500 രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) ഫാക്ടറി ഓഫീസിൽ അടക്കേണ്ടതാണ്

6. ക്വട്ടേഷൻ **28.01.2025** ന് ഉച്ചയ്ക്ക് 03.00 മണിക്ക് മുൻപായി മാനേജർ, കാറ്റിൽ ഫീഡ് പ്ലാന്റ്, മലമ്പുഴ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ച കഴിഞ്ഞ് 3.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

7. ക്വട്ടേഷൻ ലഭിക്കുന്നയാൾ കേരള സർക്കരിന്റെ 500/- രൂപയുടെ മുദ്രപത്രത്തിൽ ഫാക്ടറിയുമായി ഫാക്ടറി നിർദ്ദേശിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു എഗ്രിമെന്റ് വെയ്യേണ്ടതാണ്.

8. കുരാറുകാരൻ നിയോഗിക്കുന്ന സ്റ്റാഫുകളുടെ ESI, EPF എന്നിവ യഥാക്രമം കരാറുകാരൻ അടച്ച് രസീത് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ സംഖ്യയിൽ നിന്ന് നിയമമനുസൃതമായ നികുതികൾ ESI വിഹിതം, EPF മറ്റു നിയമപരമായ കിഴിവുകൾ എന്നിവ കിഴിവു ചെയ്ത് തുകക്കുള്ള ബില്ലുകൾക്ക് മാത്രം പാസാക്കി നൽകുന്നതാണ്.

9. ബോയിലറിൽ ചിരട്ട/ വിറക് / ബ്രിക്കറ്റ്സ് കോരി ഇടുന്ന ആവശ്യം വരുന്നത് ഫാക്ടറിയുടെ പ്രവർത്തനമനുസരിച്ച് നീരാവി ഉൽപ്പാദന വിഭാഗത്തിലേക്ക് ലഭ്യമാക്കുന്നതിനാണ്. ഈ ജോലിയുടെ രീതി ഫാക്ടറിയുടെ ദൈനംദിന പ്രവർത്തനത്തിനനുസരിച്ച് കൂടാനോ കുറയാനോ സാധ്യതയുണ്ട്. മൂന്നു ഷിഫ്റ്റുകളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഉല്പാദനം നടത്തുന്ന പ്ലാന്റിലേക്ക് ആവശ്യമായ നീരാവി നൽകുന്നതിനു ബോയിലറുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ബ്രിക്കറ്റ്സ്/ വിറക് /ചിരട്ട വാരിയിട്ടു കത്തിക്കുന്നതിനുള്ള കരാർ തുകയാണ് നൽകേണ്ടത്. ഫാക്ടറിയുടെ പ്രവർത്തനം ഒരു ഷിഫ്റ്റിലേക്കു മാത്രം നടക്കുന്ന കാലയളവിൽ കരാർ തുകയുടെ മൂന്നിലൊന്നിനും രണ്ടു ഷിഫ്റ്റ് പ്രവർത്തന കാലയളവിൽ കരാർ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിനും മൂന്നു ഷിഫ്റ്റ് പ്രവർത്തനമുള്ളപ്പോൾ കരാർ മുഴുവൻ തുകയുമാണ് ലഭിക്കുന്നത്.മെയിന്ററൻസ് ഷിഫ്റ്റുകളിൽ മെയിന്റൻസ് ജോലിയിൽ സഹായിക്കേണ്ടതും, അതാതു ഷിഫ്റ്റ് എൻജിനീയർ പറയുന്ന ജോലികൾ ചെയ്യേണ്ടതുമാണ്.

10. ബോയിലർ റൂമിലേയും, സ്ക്രൂബർ റൂമിലേയും മാറാല ദിവസേന അടിച്ചു വൃത്തിയാക്കുന്ന ജോലിയും ബോയിലർ ഹൗസ് വൃത്തിയായിസൂക്ഷിക്കുന്നതിനാവശ്യമായ മറ്റു ജോലികളും കരാറുകാരൻ നിർവഹിക്കേണ്ടതാണ്. ബോയിലർ ഫർണസിൽ നിന്നുള്ള ചാരം എല്ലാ ദിവസവും വാരി കമ്പനി ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സ്ഥലത്തേക്കു മാറ്റേണ്ടതാണ്.

11. കരാർ ജോലികളിൽ എന്തെങ്കിലും അതൃപ്ത്തിയുള്ള പക്ഷം കരാർ റദ്ദു ചെയ്യുവാൻ ഫാക്ടറി മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

12. കരാറുകാരൻ കരാർ ജോലി താമസിപ്പിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതു മൂലം എന്തെങ്കിലും നഷ്ടം ഫാക്ടറിക്ക് ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

13. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ Rs.1500/- നിരതദ്രവ്യവുമായി അടച്ച് രശീതി ക്വട്ടേഷനോടൊപ്പം. വെയ്യേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ച ശേഷം മറ്റുള്ളവരുടെ നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്.

14. അവധി ദിവസം കഴിഞ്ഞു തുടങ്ങുന്ന ഷിഫ്റ്റുകളിൽ 1 മണിക്കൂർ മുൻപായി ജോലിക്കെത്തേണ്ടതും ഷിഫ്റ്റാരംഭത്തില് ഉൽപ്പാദനത്തിനായി ബോയിലർ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

15. ബോയിലർ റൂമിനു പുറത്തു ഷെഡിൽ സൂക്ഷിച്ചിട്ടുള്ള ചിരട്ട/ വിറക് / ബ്രിക്കറ്റ്സ് എന്നിവ നനവ് തട്ടാത്ത വിധത്തിൽ ടാർപോളിൻ കൊണ്ട് പൊതിഞ്ഞ് സൂക്ഷിക്കേണ്ടതാണ് .

16. ആധാർ, പാൻ തുടങ്ങിയ രേഖകൾ നിർബന്ധമായും ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ക്വട്ടേഷൻ നിരാകരിക്കുന്നതാണ്.

17. ആധാർ,പാൻ തുടങ്ങിയ രേഖകൾ സമർപ്പിച്ചാൽ മാത്രമേ ബിൽ തുക മുഴുവനായും ലഭിക്കുകയുള്ളൂ.

18. ബോയിലറിന്റെ പുകക്കുഴലിന്റെ അടിഭാഗത്ത് അടിഞ്ഞുകൂടുന്ന കരി ആഴ്ചയിൽ ഒരു ദിവസമെങ്കിലും പുകക്കുഴലിന് അടിയിലെ വാതിൽ തുറന്ന് ക്ലീൻ ചെയ്യേണ്ടതാണ്.

19. ബ്രിക്കറ്റ് സൂക്ഷിച്ച ഭാഗത്ത് അടിഞ്ഞുകൂടുന്ന പൊടി സമയാസമയം അടിച്ചുവാരി ചാക്കിൽ നിറച്ച് കെട്ടിവെയ്യേണ്ടതാണ്.

20. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും റീ-ടെണ്ടർ ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഫാക്ടറി മാനേജരി ൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച് വല്ല തർക്കവുമുണ്ടായാൽ ഫാക്ടറി മാനേജർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും

21. ജോലി സമയത്ത് സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകൾ (Apron, HELMET, Gogles,Gloves,Gumboots) കരാറുകാരൻ സ്വന്തംഉത്തരവാദിത്വത്തിൽ വാങ്ങി ധരിക്കേണ്ടതാണ്.

K.C.M.M.F.LTD. MALAMPUZHA CATTLE FEED PLANT

MANAGER

17/12/ A.E

# ANNEXURE – 1

## BID FORMAT

| | | |
|---|---|---|
| പേര് | : | |
| മേൽവിലാസം | : | |
| ഫോൺ നമ്പർ | : | |
| വയസ് | : | |
| ആധാർ നമ്പർ | : | |
| പാൻ നമ്പർ | : | |
| ബാങ്ക് അക്കൗണ്ട് നമ്പർ | : | |
| പ്രവർത്തി പരിചയം ഉണ്ടോ | : | ഉണ്ട് /ഇല്ല<br>(ഉണ്ടെങ്കിൽ വർക്ക് ഓർഡറിൻറെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയേണ്ടതാണ്) |
| മൂന്ന് ഷിഫ്റ്റ് പ്രൊഡക്ഷനും കൂടി<br>എല്ലാ നികുതികളും<br>ഉൾപ്പടെ ഉള്ള കരാർ തുക | : | ........................................................(അക്കത്തിൽ)<br>........................................................(അക്ഷരത്തിൽ) |

നിരതദ്രവ്യം അടച്ച രസീത് നമ്പർ :

സ്ഥലം :

തീയതി :

കരാറുകാരൻറെ ഒപ്പ്

ആധാറിൻറെ കോപ്പി, പാൻ കാർഡിൻറെ കോപ്പി, ബാങ്ക്പാസ് ബുക്കിൻറെ കോപ്പി, നിരതദ്രവ്യം അടച്ച രസീത് എന്നിവ ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്.